**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2540** **24-06-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ കിൻഫ്രാ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ കിൻഫ്രാ വ്യവസായ പാർക്കിന്റെ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ? | (എ) | മട്ടന്നൂർ മണ്ഡലത്തിൽ 128 ഏക്കറിലാണ് കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ഡ്രൈയ്നേജ്, ജലവിതരണ ശൃംഖല, വൈദ്യുതി വിതരണത്തിനായി 110 കെ.വി. സബ്സ്റ്റേഷൻ എന്നിവ പൂർത്തീകരിച്ചു. ഭൂമി സംരംഭകർക്ക് അനുവദിച്ചുകൊടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനോടകം 7.7 ഏക്കർ ഭൂമി 18 സംരംഭകർക്കായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 50 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കപ്പെട്ടുമെന്നും 396 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുമെന്നും കരുതുന്നു.<br><br>ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 12 കോടി രൂപ മുതൽമുടക്കിൽ 48,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പ്ലഗ് & പ്ലേ സംവിധാനത്തോട് കൂടിയ ഒരു ബഹുനില വ്യവസായ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണവും പൂർത്തിയായി ഉത്ഘാടനസജ്ജമാണ്. പ്രസ്തുത കെട്ടിട സമുച്ചയത്തിന്റെ അലോട്ട്മെന്റ് നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനുപുറമേ വ്യവസായ സംരംഭകർക്ക് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 1.5 കോടി രൂപ മുതൽമുടക്കിൽ കോൺഫറൻസ് ഹാൾ സൗകര്യം ഉൾപ്പടെയുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് പ്രസ്തുത പാർക്കിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ